**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2192** **12-12-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക് / ടൈപ്പിസ്റ്റ് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ കാറ്റഗറി 103/2019 പ്രകാരം ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | 65 (അറുപത്തിയഞ്ച്) ഒഴിവുകൾ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| (ബി) | തിരുവനന്തപുരം ജില്ലയിലുള്ള സർക്കാർ ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികകൾ എത്രയാണെന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത ഓഫീസുകളുടെ പേരും അതാത് ഓഫീസുകളിൽ നിലവിൽ അനുവദിച്ചിട്ടുള്ള ക്ലാർക്ക്/ ടൈപ്പിസ്റ്റിന്റെ അംഗീകൃത തസ്തികകൾ എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ; | (ബി) | വിവരം ക്രോഡീകരിച്ചിട്ടില്ല. |
| (സി) | തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്രപേർ വീതം താൽക്കാലിക/കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്ത് വരുന്നുണ്ടെന്നും അപ്രകാരം ഏതെല്ലാം ഓഫീസുകളിൽ എത്രവീതം ജീവനക്കാരുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (സി) | വിവരം ക്രോഡീകരിച്ചിട്ടില്ല. |
| (ഡി) | ജില്ലയിലെ വിവിധ ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക്/ടൈപ്പിസ്റ്റ് ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | വിവിധ തസ്തികകളിലെ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08/11/2022 ലെ ഉപ.സി3/100/2022/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | തിരുവനന്തപുരം ജില്ലയിലെ വിവിധ ഓഫീസുകളിൽ 2023 വരെ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര | (ഇ) | വിവിധ തസ്തികകളിലെ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ |

| | | | |
|---|---|---|---|
| | പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ഓഫീസ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ? | | വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08/11/2022 ലെ ഉപ.സി3/100/2022/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ